# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1540** 06.03.2020 -ലെ മറുപടിയ്ക്ക്

## കാലിക്കറ്റ് സർവ്വകലാശാലയിലെ നിയമനം

*ചോദ്യം* *ഉത്തരം*

**ശ്രീ. അബ്ദുൽ ഹമീദ് പി** **ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ് ചാൻസലറുടെ ചാർജ് ഇപ്പോൾ ആർക്കാണുള്ളതെന്ന് വ്യക്തമാക്കാമോ; വൈസ് ചാൻസലർ നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലാ വൈസ് ചാൻസലർ, ഡോ. വി. അനിൽകുമാറാണ് കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറുടെ ചാർജ്ജ് 2019 നവംബർ 20 മുതൽ നിർവ്വഹിക്കുന്നത്.<br>കാലിക്കറ്റ് സർവ്വകലാശാലയിലെ പുതിയ വൈസ് ചാൻസലറെ തെരഞ്ഞെടുക്കാനുള്ള സെർച്ച്-കം-സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചെങ്കിലും നിർദ്ദിഷ്ട സമയത്തിനുള്ളിൽ നിയമന ശിപാർശ സമർപ്പിക്കാൻ കമ്മിറ്റിക്കു സാധിച്ചില്ല. പിന്നീട് രൂപീകരിച്ച കമ്മിറ്റി വൈസ് ചാൻസലർ നിയമനത്തിനുള്ള തുടർനടപടികൾ എടുത്തു വരുന്നു. |
| (ബി) | കാലിക്കറ്റ് സർവകലാശാലയിൽ കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്താറുള്ളത്; ഇത്തരത്തിൽ നടത്തുന്ന നിയമനങ്ങളുടെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ പ്രോഗ്രാമർ, സിസ്റ്റം അനലിസ്റ്റ്, ടെക്നീഷ്യൻ (ഡാറ്റ സെന്റർ), ടെക്നീഷ്യൻ (നെറ്റ് വർക്ക്), DTP ഓപ്പറേറ്റർ കം ലേഔട്ട് ഡിസൈനർ, ജൂനിയർ എഞ്ചിനീയർ, വർക് ഷോപ്പ് അസിസ്റ്റന്റ്, ടെക്നീഷ്യൻ (മ്യൂസിക്), പബ്ലിക് അഡ്രസ് സിസ്റ്റം ഓപ്പറേറ്റർ, നഴ്സിംഗ് അസിസ്റ്റന്റ്, പ്ലാന്റേഷൻ അസിസ്റ്റന്റ്, ഹെർബേറിയം ക്യൂറേറ്റർ, ടെക്നീഷ്യൻ (ലൈറ്റിംഗ്, സ്കൂൾ ഓഫ് ഡ്രാമ & ഫൈൻ ആർട്സ്), ഓവർസീയർ, ഇലക്ട്രിസിറ്റി വർക്കർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഡ്രൈവർ, സെക്യൂരിറ്റി ഓഫീസർ, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ, മെഡിക്കൽ ഓഫീസർ, കോച്ച്, ലെയ്സൺ ഓഫീസർ, സ്വിമ്മിങ് ട്രെയ്നർ, റൂം ബോയ് കം ബിയറെർ, |

| | | | |
|---|---|---|---|
| | | | സെക്യൂരിറ്റി ഗാർഡ്, കാലിക്കറ്റ് സർവ്വകലാശാല പഠന വകുപ്പുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, മ്യൂസിക് കോ-ഓർഡിനേറ്റർ എന്നീ തസ്തികകളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. പ്രൊഫഷണൽ അസിസ്റ്റന്റ്, ലബോറട്ടറി അസിസ്റ്റന്റ്, മേട്രൺ, സ്വീപ്പർ കം സ്കാവൻജർ പാർട്ട് ടൈം സ്വീപ്പർ, ഗാർഡനർ, ഗ്രൗണ്ട്സ് മെൻ, പമ്പ് ഓപ്പറേറ്റർ, ലാബ് അറ്റൻഡർ, സ്കിൽഡ് വർക്കർ, കൗണ്ടർ, പ്ലേറ്റ് മേക്കർ, ഹെർബേറിയം വർക്കർ, പ്യൂൺ എന്നീ തസ്തികകളിലാണ് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്.<br>കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ്, കെ.എസ്&എസ്എസ്ആർ എന്നിവയിലെ വ്യവസ്ഥകൾ, ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, യുജിസി യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവക്ക് വിധേയമായി ഇറക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. മലപ്പുറം/ കോഴിക്കോട് ജില്ലാ സൈനിക വെൽഫെയർ ഓഫീസ് മുഖേന നൽകുന്ന ലിസ്റ്റിൽ നിന്നുമാണ് എക്സ് സർവ്വീസ് മെൻ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ നിയമനം നടത്തുന്നത്. |
| (സി) | കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തണമെന്ന് വ്യവസ്ഥയുണ്ടോ; ഈ വ്യവസ്ഥ പാലിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (സി) | കോൺട്രാക്ട് വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും നിയമനം നടത്തുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തണമെന്ന് വ്യവസ്ഥ ഉണ്ട്.<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977, അദ്ധ്യായം IV, പാർട്ട് II, സ്റ്റാറ്റ്യൂട്ട് (11) പ്രകാരം സ്ഥിര നിയമനം നടക്കാൻ വൈകുന്ന സാഹചര്യത്തിൽ നിയമനാധികാരിക്ക് താത്ക്കാലിക നിയമനം നടത്താവുന്നതാണ്. ഇത്തരം നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആശ്രയിക്കുന്നത് നിയമനങ്ങൾക്ക് കാലതാമസമുണ്ടാകാൻ കാരണമാവുകയും സർവ്വകലാശാലയുടെ ദൈനം ദിന പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് തടസം നേരിടുകയും പരീക്ഷാ നടത്തിപ്പ്, പരീക്ഷകളുടെ മൂല്യ നിർണ്ണയം, ഫല പ്രഖ്യാപനം തുടങ്ങിയ സർവ്വകലാശാലയുടെ സമയബന്ധിതമായ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ വൈകുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നതിനാലാണ് കോൺട്രാക്റ്റ് വ്യവസ്ഥയിലും ദിവസവേതനാടി സ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി അല്ലാതെ നേരിട്ട് നിയമനം നടത്തുന്നത്.<br>കൂടാതെ കാലിക്കറ്റ് സർവ്വകലാശാലാ പഠന വകുപ്പുകളിലെ അധ്യാപക നിയമനാധികാരം സർവ്വകലാശാലാ സിന്റിക്കേറ്റിൽ നിക്ഷിപ്തമാണ്. യു.ജി.സി നിഷ്കർഷിക്കുന്ന അധ്യാപക നിയമനത്തിനുള്ള യോഗ്യതാ വ്യവസ്ഥകൾ, സംവരണം സംബന്ധിച്ച 1958 ലെ കേരളാ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ അതത് കാലങ്ങളിൽ നിലവിലുള്ള ചട്ടങ്ങൾ തുടങ്ങിയവയ്ക്ക് വിധേയമായി വർഷം തോറും പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ.